(ഇ) ഒരു വർഷം യൂണിഫോം വിതരണം ചെയ്യാൻ എന്തു ചെലവു വരും;

(എഫ്) മുടങ്ങിയവർഷംമുതൽ 1985–86 ഉൾപ്പെടെയുള്ള വർഷത്തിലേയ്ക്കു യൂണിഫോം ഒന്നിച്ചു വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1984–ൽ

(ബി) ഉണ്ട്.

(സി) സാമ്പത്തികബുദ്ധിമുട്ടുകാരണം.

(ഡി) കഴിയുന്നതും വേഗം യൂണിഫോം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

(ഇ) ഉദ്ദേശം 40 ലക്ഷം രൂപാ.

(എഫ്) പരിശോധിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ

306 [335] ശ്രീ. സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ കെ. എസ്. ആർ. ടി. സി. ബസ്സുകൾ എത്ര ഷെഡ്യൂൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ദിവസേന ശരാശരി എത്ര സർവ്വീസ്സുകൾ ഇപ്പോൾ ക്യാൻസൽ ചെയ്യേണ്ടിവരുന്നുണ്ട്;

(സി) 1980–നു ശേഷം കെ.എസ്.ആർ.ടി.സി. ഓരോ കൊല്ലവും ഇറക്കിയ പുതിയ ബസ്സുകളുടെ എണ്ണം എത്രയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-6-86-ലെ കണക്കനുസരിച്ച് 3,102 ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) 24.2% സർവ്വീസ്സുകൾ ക്യാൻസൽ ചെയ്യേണ്ടിവരുന്നുണ്ട്.

(സി) 1980–81—270
1981–82—144
1982–83—240
1983–84—335
1984–85—337
1985–86—109

കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ എണ്ണം

307 [336] ശ്രീ. സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly